വില്ലനനികുതി

*൯൭ ൭. (ക ക) സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നല്കുമോ.—

(എ) കടിൽവ്യവസായാടിസ്ഥാനത്തിൽ ചെയ്യപ്പെടുന്ന സാധനങ്ങൾ വില്ലന നികുതിയിൽനിന്നും ഒഴിവാക്കണമെന്ന ആവശ്യപ്പെട്ടുകൊണ്ട് പൊതുജനങ്ങളിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവണ്മെണ്ട് എന്തു തീരുമാനം ചെയ്തു?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉവ്വ്.

(ബി) ചില അപേക്ഷകൾ തിരസ്കരിക്കപ്പെട്ടിട്ടുണ്ട്. ചിലതു് ഗവണ്മെണ്ടിന്റെ പരിഗണയിൽ ഇരിക്കുന്നു.

സെയിൽസ് ടാക്സ്

*൯൭൫. (ക ൭) ശ്രീ. കണ്ണാറ ഗോപാലപണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നല്കുമോ.—

(എ) മദ്യനിരോധനത്തിൽനിന്നുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുകൂടിയല്ലേ സെയിൽസ് ടാക്സ് ഏർപ്പെടുത്തിയതു്?

(ബി) കഴിഞ്ഞ വർഷം സെയിൽസ് ടാക്സുമൂലം എത്ര രൂപാ ഗവണ്മെണ്ടിനു് കിട്ടി?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) അതെ.

(ബി) കണക്കുകൾ ഉദ്യോഗസ്ഥന്മാരുടെ പക്കലുണ്ട്.

SHIFT SYSTEM IN SCHOOLS

*979. (24) **Sri. E. P. Poulose:** Will the Hon'ble Minister for Education, Labour and Civil Supplies be pleased to state:

(*a*) how many teachers have been thrown out from service in Muvattupuzha Division as a result of the introduction of shift system;

(*b*) How many of them have since been appointed in Government schools?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) 323.

(*b*) 253.

സ്കൂൾ കെട്ടിടത്തിനു സ്ഥലം

*൯൮ ൦. (ഘ ൪) ശ്രീ. പിലിപ്പോസ് മുതലാളി: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) കുന്നത്തൂർ താലൂക്കിൽ അടൂർ പകുതിയിൽപ്പെട്ട വെള്ളക്കുളങ്ങര പ്രൈമറി സ്കൂൾ കെട്ടിടം കെട്ടുന്നതിനുള്ള സ്ഥലം എടുപ്പു നടപടി എന്തായി?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

൪ ൦ സെന്റ് സ്ഥലം ടി സ്കൂൾ ആവശ്യത്തിലേക്കായി പൊന്നും വിലക്കെടുക്കാൻ ഉത്തരവായിട്ടുണ്ട്. അതിലേക്ക് വേണ്ട മേൽ നടപടി എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly